"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - ത്രിതല സംഘടനാ സംവിധാനം - തെരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഐഎ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.9/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/01/2021

---

പരാമർശം:- 1 28/12/2017-ലെ സ.ഉ.(കൈ) നം.260/2017/തസ്വഭവ.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31/12/2020-ലെ 3737/എം./2017/കെഎസ്എച്ച്ഒ നം. കത്ത്.

**ഉത്തരവ്**

കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സുഗമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് പരാർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സുഗമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ ബൈലോ പ്രകാരം കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പ് സ്വതന്ത്രവും സമയബന്ധിതവും നീതിയുക്തവുമായി നടത്തുവാൻ ജില്ലാകലക്ടർമാരെ ചുമതലപ്പെടുത്തുന്നു..

2. കുടുംബശ്രീ ബൈലോ അനുഛേദം 12..10 പ്രകാരം ഓരോ ജില്ലയിലും ത്രിതല സംഘടനാ സംവിധാനത്തിന്റെ ഭരണസമിതികളുടെ തെരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ സ്വതന്ത്രവും നീതിപൂർവ്വവുമായി യഥാസമയം നടത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ കുടുംബശ്രീ ജില്ലാതല തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി ജില്ലാ കളക്ടർമാർ 2021 ജനുവരി 18-നകം നിയമിക്കേണ്ടതാണ്. ഇത് കൂടാതെ ജനുവരി 20 -നകം സി.ഡി.എസ് വരണാധികാരികളെയും അസിസ്റ്റൻറ് വരണാധികാരികളെയും നിയമിക്കുന്നതിനും ജനുവരി 22-നകം എ.ഡി.എസ് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് സി.ഡി.എസ്. വരണാധികാരികളെ ചുമതലപ്പെടുത്തുന്നതിനും ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

3. 2021 മാർ ച്ച് 01-ന് പുതിയ ഭരണസമിതികൾ അധികാരമേൽക്കുന്നതിന് താഴെപറയുന്ന തെരഞ്ഞെടുപ്പ് സമയക്രമം പാലിക്കണം.

തെരഞ്ഞെടുപ്പ് സമയക്രമം

- തെരഞ്ഞെടുപ്പ് വിജ്ഞാപനവും വോട്ടർ പട്ടിക പ്രസിദ്ധീകരിക്കലും -2021 ജനുവരി 25
- ഒന്നാം ഘട്ടം - അയൽക്കൂട്ടയോഗം ചേർന്ന് അയൽക്കൂട്ട അധ്യക്ഷയെ തെരഞ്ഞെടുക്കൽ - 2021 ജനുവരി 26 മുതൽ ജനുവരി 31 വരെ
- രണ്ടാംഘട്ടം- അയൽക്കൂട്ട അധ്യക്ഷമാർക്കുള്ള പരിശീലനം - 2021 ഫെബ്രുവരി 1 മുതൽ ഫെബ്രുവരി 6 വരെ
- മൂന്നാംഘട്ടം - അയൽക്കൂട്ട തെരഞ്ഞെടുപ്പ് - 2021 ഫെബ്രുവരി 9 മുതൽ 15 വരെ
- നാലാം ഘട്ടം - എ.ഡി.എസ്സ് തെരഞ്ഞെടുപ്പ് - 2021 ഫെബ്രുവരി 18 മുതൽ 22 വരെ.
- അഞ്ചാം ഘട്ടം - സി ഡി എസ്സ് തെരഞ്ഞെടുപ്പ് - 2021 ഫെബ്രുവരി 28
- ആറാം ഘട്ടം - പുതിയ ഭരണസമിതി അധികാരത്തിൽ വരുന്നു 2021 മാർച്ച് 1

4. തെരഞ്ഞെടുപ്പ് വിജ്ഞാപനം: കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ സി.ഡി.എസ്സ് തെരഞ്ഞെടുപ്പ് വിജ്ഞാപനം 2021 ജനുവരി 25ന് പുറപ്പെടുവിക്കുന്നതിന് ജില്ലാകളക്ടർ ജില്ലാതല തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

5. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി നിലവിലുള്ള അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ 2021 ജനുവരി 20-നകം പൂർത്തീകരിക്കണം. ഓഡിറ്റിംഗ് നടത്തി 2021 ജനുവരി 23-നകം തെരഞ്ഞെടുപ്പിന് യോഗ്യത നേടിയ അയൽക്കൂട്ടങ്ങളുടെ വിവരം രജിസ്റ്ററിൽ ചേർത്ത്, കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ എത്തിക്കുവാൻ കുടുംബശ്രീ സി.ഡി.എസ്സ് മെമ്പർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. കോവിഡ് മഹാമാരിയെ തുടർന്ന് 2019-20 വർഷത്തെ ഓഡിറ്റിംഗ് പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടതിനാൽ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റിംഗ് പൂർത്തീകരിച്ച അയൽക്കൂട്ടങ്ങളെ തിരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്. 2019 ഏപ്രിൽ 1-നു ശേഷം രൂപീകരിച്ച അയൽക്കൂട്ടങ്ങൾക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ ഓഡിറ്റിംഗ് നിർബന്ധമല്ല. തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അർഹത നേടിയ അയൽക്കൂട്ടങ്ങളുടെ പേര് വിവരം വിജ്ഞാപനത്തോടൊപ്പം സി.ഡി.എസ്. നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.
6. നിലവിൽ അഫിലിയേഷൻ പുതുക്കിയ അയൽക്കൂട്ടങ്ങൾക്കും തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് 90 ദിവസം മുമ്പ് രൂപീകരിച്ച അയൽക്കൂട്ടങ്ങൾക്കും മാത്രമേ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള അയൽക്കൂട്ടങ്ങളിൽ 90 ദിവസം മുമ്പെങ്കിലും അംഗത്വം സ്വീകരിച്ചവർക്കേ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
7. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സുപ്രധാന പ്രവർത്തനങ്ങളായ അഫിലിയേഷൻ, വോട്ടർപട്ടിക തയ്യാറാക്കൽ എന്നീ കാര്യങ്ങൾക്ക് വരണാധികാരികളെ സഹായിക്കുന്ന സി.ഡി.എസ്സ്. മെമ്പർ സെക്രട്ടറിമാരാണ്. നിലവിൽ സി.ഡി.എസ് മെമ്പർ സെക്രട്ടറിമാരുടെ ഒഴിവുള്ള ഇടങ്ങളിൽ

ആയത് നികത്താൻ ആവശ്യമായ നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

8. സി.ഡി.എസ്സ്, എ.ഡി.എസ്സ് തലങ്ങളിലെ തെരഞ്ഞെടുപ്പ് ചെലവുകൾക്ക് (പ്രിൻറിംഗ്, സ്റ്റേഷനറി, തപാൽ ചാർജ്ജ്, ഫോട്ടോസ്റ്റാറ്റ്, മറ്റ് ചെലവുകൾ) പരമാവധി 6000/- രൂപ സി.ഡി.എസ്സിന്റെ തനത് ഫണ്ട്/ഭരണനിർവ്വഹണ ഗ്രാൻറിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകുന്നു.

9. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ തെരഞ്ഞെടുപ്പിൽ ഏതെങ്കിലും കാരണത്താൽ സി.ഡി.എസ്സ്. തെരഞ്ഞെടുപ്പ് പൂർത്തീകരിക്കാത്ത സി.ഡി.എസ്സുകളുടെ താത്ക്കാലിക ചുമതല 2021 മാർച്ച് 1 മുതൽ മെമ്പർ സെക്രട്ടറിമാർക്കായിരിക്കും. അവിടങ്ങളിൽ ബൈലോ വ്യവസ്ഥകൾക്കനുസൃതമായി തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

10. സംവരണ സി.ഡി.എസ്സുകളെ നിശ്ചയിക്കൽ:

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ ബൈലോ പ്രകാരം സിഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങൾ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ സംവരണം ചെയ്യേണ്ടതുണ്ട്. പരാമർശം(1) പ്രകാരം 2017-ലെ തെരഞ്ഞെടുപ്പിലേയ്ക്കുള്ള സംവരണ സി.ഡി.എസ്സുകളെ നിശ്ചയിച്ച് സർക്കാർ ഉത്തരവായിരുന്നു. 2021 -ലെ തെരഞ്ഞെടുപ്പിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി സംവരണ സി.ഡി.എസ്സുകളെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായിരിക്കും. ജില്ലയിലെ ഓരോ സി.ഡി.എസിലെയും വോട്ടർ പട്ടിക പ്രകാരമുള്ള ആകെ അയൽക്കൂട്ടാംഗങ്ങളുടെ എണ്ണവും എസ്.സി, എസ്.ടി. അയൽക്കൂട്ടാംഗങ്ങളുടെ എണ്ണവും (മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം) അതാതു ജില്ലാമിഷനുകൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് യഥാസമയം ലഭ്യമാക്കേണ്ടതാണ്. കുടുംബശ്രീ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന് മൂന്നു ദിവസത്തിനകം സംവരണ സി.ഡി.എസ്സുകളുടെ ഉത്തരവും പുറപ്പെടുവിക്കേണ്ടതാണ്.

- ഗ്രാമ സി.ഡി.എസ്സുകളുടെ സംവരണക്രമം- 2021-ൽ സംവരണം നിശ്ചയിക്കുമ്പോൾ മുൻ രണ്ടു വർഷങ്ങളിലെ സംവരണം പരിശോധിച്ച് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ തുടർച്ചയായി സംവരണം വരാതെ റൊട്ടേഷൻ വ്യവസ്ഥയിൽ നൽകുന്നതിന് പരമാവധി ശ്രദ്ധിക്കണം.

- ഗ്രാമ സി.ഡി.എസ്സുകളിൽ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകൾ ഒഴികെയുള്ള ജില്ലകളിലെ ആകെ സി.ഡി.എസ്സുകളിൽ 15% പട്ടികജാതിക്കാർക്കായി സംവരണം ചെയ്യണം. ഇപ്രകാരം സംവരണം ചെയ്യുന്ന സി.ഡി.എസ്സുകളിൽ കുറഞ്ഞത് 20% പട്ടികജാതി അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. (ടി ജില്ലകളിലെ ആകെ സി.ഡി.എസ്സുകളുടെ 15 % സി.ഡി.എസ്സുകളിൽ 20 % പട്ടികജാതി അംഗങ്ങളില്ലാത്ത സാഹചര്യമുണ്ടായാൽ പട്ടികജാതി അംഗങ്ങളുടെ ശതമാന കണക്കിൽ ഇളവുവരുത്തി ജില്ലയിലെ 15% സി.ഡി.എസ്സുകളെ സംവരണ സി.ഡി.എസ്സ് ആയി നിശ്ചയിക്കാൻ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും)

- ഗ്രാമ സി.ഡി.എസ്സുകളിൽ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകൾ ഒഴികെയുള്ള ജില്ലകളിലെ ആകെ സി.ഡി.എസ്സുകളിൽ 5% പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. പട്ടികവർഗ്ഗക്കാർക്കായി

സംവരണം ചെയ്യുന്ന ഓരോ സി.ഡി.എസ്സിലും കുറഞ്ഞത് 3 % പട്ടികവർഗ്ഗ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. (ടി ജില്ലകളിലെ ആകെ സി.ഡി.എസ്സുകളുടെ 5 % സി.ഡി.എസ്സുകളിൽ 3% പട്ടികവർഗ്ഗ അംഗങ്ങളില്ലാത്ത സാഹചര്യമുണ്ടായാൽ പട്ടികവർഗ്ഗ അംഗങ്ങളുടെ ശതമാന കണക്കിൽ ഇളവുവരുത്തി 5 % സി.ഡി.എസ്സുകളെ സംവരണ സി.ഡി.എസ്സ്. ആയി നിശ്ചയിക്കാൻ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും).

- ഇടുക്കി, വയനാട്, പാലക്കാട് ജില്ലകൾ പ്രത്യേക പരിഗണന അർഹിക്കുന്ന ജില്ലകളായതിനാൽ ടി ജില്ലകളെ സംബന്ധിച്ച് ഇക്കാര്യത്തിൽ താഴെ പറയും പ്രകാരം വ്യവസ്ഥകൾ പാലിക്കണം.

  (എ) ഇടുക്കി ജില്ലയിൽ പട്ടികജാതി അംഗസംഖ്യ 40%-ൽ കൂടുതലുള്ള സി.ഡി.എസ്സുകൾ പട്ടികജാതിക്കാർക്കായും, 10%-ൽ കൂടുതൽ പട്ടിക വർഗ്ഗ അംഗസംഖ്യയുള്ള സി.ഡി.എസ്സുകൾ പട്ടിക വർഗ്ഗക്കാർക്കായും സംവരണം ചെയ്യണം.

  (ബി) പാലക്കാട് ജില്ലയിൽ 30%-ൽ കൂടുതൽ പട്ടിക ജാതി അംഗസംഖ്യയുള്ള സി.ഡി.എസ്സുകൾ പട്ടിക ജാതിക്കാർക്കായും 4%-ൽ കൂടുതൽ പട്ടികവർഗ്ഗ അംഗസംഖ്യയുള്ള സി.ഡി.എസ്സുകൾ പട്ടിക വർഗ്ഗക്കാർക്കായും സംവരണം ചെയ്യണം.

  (സി) വയനാട് ജില്ലയിൽ 15%-ൽ കൂടുതൽ പട്ടിക ജാതി അംഗസംഖ്യയുള്ള സി.ഡി.എസ്സുകൾ പട്ടിക ജാതിക്കാർക്കായും 20%-ൽ കൂടുതൽ പട്ടിക വർഗ്ഗ അംഗസംഖ്യയുള്ള സി.ഡി.എസ്സുകൾ പട്ടിക വർഗ്ഗക്കാർക്കായും സംവരണം ചെയ്യണം.

- നഗര സി.ഡി.എസ്സുകളുടെ സംവരണക്രമം-

  20% ത്തിൽ കൂടുതൽ പട്ടികജാതി അംഗസംഖ്യയുള്ള നഗര സി.ഡി.എസ്സുകളെ പട്ടികജാതിക്കാർക്കായി സംവരണം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ 20% പട്ടികജാതി അംഗങ്ങൾ ഉൾപ്പെടുന്ന നഗര സി.ഡി.എസ്സ്. ഇല്ലാതെ വന്നാൽ ടി ജില്ലയിൽ കുറഞ്ഞത് 15% പട്ടികജാതി അംഗസംഖ്യയുള്ള സി.ഡി.എസ്സുകളെ പട്ടികജാതി സി.ഡി.എസ്സ്. ആയി സംവരണം ചെയ്യേണ്ടതാണ്. കൂടാതെ പട്ടിക വർഗ്ഗ അംഗസംഖ്യ 5%ൽ കൂടുതലുള്ള സി.ഡി.എസ്സുകൾ ഓരോ ജില്ലയിലും പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്യണം.

- 2015, 2018 തിരഞ്ഞെടുപ്പുകളിലെ സംവരണ ക്രമം പരിശോധിച്ചു ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ തുടർച്ചയായി സംവരണം ചെയ്യപ്പെടാതെ റൊട്ടേഷൻ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

12. 2015, 2018 വർഷങ്ങളിൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ പൊതു തെരഞ്ഞെടുപ്പിനൊപ്പം തെരഞ്ഞെടുപ്പ് നടക്കാതിരുന്ന മുഴുകളും സി.ഡി.എസ്സിൽ 2021 -ലെ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ പൊതു തെരഞ്ഞെടുപ്പിനൊപ്പം തന്നെ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഇതിനായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, എ.ഡി.എം.സി(സംഘടന), ബന്ധപ്പെട്ട മെമ്പർസെക്രട്ടറി, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ രണ്ട് വനിതാ ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ച് ഉചിതമായ പ്രവർത്തനം നടത്തേണ്ടതാണ്. ഇതിനാവശ്യമായ എല്ലാ സഹായവും പഞ്ചായത്ത് സെക്രട്ടറി ഇടപെട്ട് നൽകേണ്ടതാണ്.

13. തെരഞ്ഞെടുപ്പ് നടപടി ചട്ടങ്ങൾ/ഉത്തരവുകൾ/അറിയിപ്പുകൾ യഥാസമയം കുടുംബശ്രീ സംസ്ഥാനമിഷനിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ(ഇ&ആഎസ്എ/ജി &എസ്എസ്എ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ ആഡിറ്റ് വകുപ്പ്

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ( കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ